# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# KRISHI VIGYAN KENDRA - ALLEPPEY

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം - 690 533, കേരളം

വാല്യം 11 ലക്കം 01 | **വാർത്താപത്രിക** | ജനുവരി - മാർച്ച്, 2013




## കൊയ്ത്തുത്സവവും ഫീൽഡ് ദിനാചരണവും

മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന "കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി" യുടെ ഭാഗമായി കലയങ്കരി പാടശേഖരത്തിൽ നടപ്പിലാക്കിയ "നെൽകൃഷിയിലെ സംയോജിത വിളപരിപാലനം" എന്ന സാങ്കേതിക വിദ്യാപ്രദർശന പരിപാടിയുടെ കൊയ്ത്തുത്സവവും ഫീൽഡ് ദിനാചരണവും 15.03.2013 ന് സംഘടിപ്പിച്ചു. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ.വേണുഗോപാൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബീനാ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കായംകുളം കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തി. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി.മുരളീധരൻ പദ്ധതി അവലോകനവും ആത്മ പദ്ധതി ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ ശ്രീമതി. മീന, മുട്ടാർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സുകുമാരൻ, ഗ്രാമ പഞ്ചായത്തംഗം ശ്രീ. സുനീഷ് കുമാർ എന്നിവർ ആശംസയും അറിയിച്ചു കലയങ്കരി പാടശേഖര സമിതി സെക്രട്ടറി ശ്രീ. എൻ.കെ. വോണുഗോപാൽ, മുളവനക്കരി പാടശേഖരസമിതി സെക്രട്ടറി ശ്രീ. പി.എ.തോമസ്, ശ്രീ. അലക്സാണ്ടർ എന്നിവർ അനുഭവ വിവരണം നടത്തി. തുടർന്ന് നടന്ന കർഷക ശാസ്ത്രജ്ഞ മുഖാമുഖത്തിന് മാങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം മേധാവി ഡോ. എസ്. ലീനാകുമാരി നേതൃത്വം നൽകി. മണ്ണ് പരിശോധനാടിസ്ഥാനത്തിലുള്ള കുമ്മായ രാസവളപ്രയോഗം, ഡ്രം സീഡർ ഉപയോഗിച്ചുള്ള വിത്തിടൽ, ജൈവ കീട രോഗ നിയന്ത്രണ സാങ്കേതിക വിദ്യകളാണ് ഈ സംയോജിതവിള പരിപാലന പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രദർശന പരിപാടിയിൽ പങ്കാളികളായിരുന്ന കർഷകരും മറ്റ് കർഷകരും വിജ്ഞാനവ്യാപന പ്രവർത്തകരും ഉൾപ്പെട്ട നൂറോളം പേർ പരിപാടിയിൽ പങ്കെടുത്തു.



## മെച്ചപ്പെട്ട മഞ്ഞൾ സംസ്കരണത്തിന് 'മഞ്ഞൾ പുഴുങ്ങൽ യന്ത്രം'

കൃഷി വിജ്ഞാന കേന്ദ്രം കരുവാറ്റ പഞ്ചായത്തിൽ നടപ്പിലാക്കിയ "ശോഭ" മഞ്ഞൾ ഇനത്തിന്റെ കൃഷിയും മെച്ചപ്പെട്ട സംസ്കരണ രീതിയും എന്ന മുൻനിര പ്രദർശന പരിപാടിയുടെ ഫീൽഡ് ദിനാചരണം 18.03.13 ന് നടത്തുകയുണ്ടായി. പ്രദർശനത്തിന്റെ ഭാഗമായി തെങ്ങിനിടയിൽ ഇടവിള കൃഷിക്കനുയോജ്യമായ കേരള കാർഷിക സർവ്വകലാശാലയുടെ "ശോഭ" എന്നിയിനം മഞ്ഞളും, തമിഴ്നാട് കാർഷിക സർവ്വകലാശാല, നിർമ്മിച്ച "ടെർമെറിക് ബോയിലർ" (മഞ്ഞൾ പുഴുങ്ങൽ യന്ത്രം) എന്ന ഉപകരണവും പങ്കാളികളായ കർഷകർക്ക് ലഭ്യമാക്കുകയുണ്ടായി. പരമ്പരാഗത രീതിയിൽ 100 കി. മഞ്ഞൾ പുഴുങ്ങുന്നതിന് 3.5 മണിക്കൂർ ആവശ്യമുള്ളപ്പോൾ "ടെർമെറിക് ബോയിലർ" ഉപയോഗിക്കുമ്പോൾ കുറഞ്ഞ ഇന്ധന ചെലവിൽ 45 മിനിട്ട് മാത്രം മതിയാകും. ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ച ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സി. സുജാത, "ഐശ്വര്യ" എന്ന പേരിൽ വിൽപ്പനയ്ക്ക് തയ്യാറാക്കിയ ജൈവ




കൂടുതൽ വിവരങ്ങൾക്ക്:

പ്രോഗ്രാം കോ-ഓർഡിനേറ്റർ
കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
സി.പി.സി.ആർ.ഐ. (ആർ.എസ്.),
കൃഷ്ണപുരം പി.ഒ.
കായംകുളം - 690 533
ഫോൺ/ഫാക്സ്: 0479 2449268
ഇ-മെയിൽ : kvkalapuzha@hotmail.com




മഞ്ഞൾ പൊടിയുടെ ആദ്യ വിൽപ്പന നടത്തി. ഹരിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ഹരിദാസ്, കെ.വി.കെ പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി. മുരളീധരൻ, ശ്രീമതി. ഗംഗാദേവി (കൃഷി ഓഫീസർ) എൻ. അനിത (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ), ശ്രീമതി. ജിസ്സി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. പ്രദർശന പരിപാടിയിൽ പങ്കാളികളായ 10 കർഷകരുൾപ്പെടെ 50 ഓളം പേർ പങ്കെടുത്ത ചടങ്ങിൽ "ടെർമെറിക് ബോയിലറിന്" മെച്ചപ്പെട്ട ഉപയോഗക്ഷമതയുള്ളതായി കർഷകർ വിലയിരുത്തി. മഞ്ഞൾ കൃഷി വ്യാപകമാക്കുന്നതിനും മഞ്ഞൾ സംസ്കരിച്ച് ഗുണനിലവാരമുള്ള മഞ്ഞൾപ്പൊടി വിപണിയിൽ ലഭ്യമാക്കുന്നതിനും ഈ ഉപകരണം പ്രചോദനമാകുമെന്നും വനിതാകർഷകർ അഭിപ്രായപ്പെട്ടു.

## കാർഷിക ക്ലിനിക് സംഘടിപ്പിച്ചു




കൃഷ്ണപുരം പഞ്ചായത്തിലെ കൃഷിഭവനിൽ വെച്ച് കർഷകരുടെ വിവിധ രോഗ - കീട ലക്ഷണമുള്ള സസ്യ സാമ്പിളുകൾ പരിശോധിച്ച് ജൈവീക പരിഹാരമാർഗ്ഗങ്ങൾക്ക് മുൻതൂക്കം നൽകിയ ഈ പരിപാടി കർഷകർ ഉപയോഗപ്പെടുത്തി. കൃഷ്ണപുരം പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സി.എ. അൻഷാദ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മറ്റു ജനപ്രതിനിധികളും കൃഷി ഓഫീസറും പങ്കെടുത്തു.

## എൻ. എസ്.എസ്. ക്യാമ്പിൽ പച്ചക്കറി കൃഷി

കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ കായംകുളം എം.എസ്.എം കോളേജിലെ എൻ.എസ്.എസ് ക്യാമ്പിന്റെ ഭാഗമായി കൊയ്പള്ളി കാരാഴ്മയിൽ 50 സെന്റ് സ്ഥലത്ത് ക്യാമ്പ് അംഗങ്ങൾ കൃഷിചെയ്ത വിവിധതരം പച്ചക്കറികളുടെ വിളവെടുപ്പുത്സവം 7/3/2013 ന് കോളേജ് പ്രിൻസിപ്പൽ ഡോ. എം. സലീം നിർവ്വഹിച്ചു. ജൈവീക വിളപരിപാലന രീതികൾക്ക് മുൻതൂക്കം നൽകി വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വളർത്തിയെടുക്കാൻ നടപ്പാക്കിയ പരിപാടിയിലെ ആദ്യ വിളവെടുപ്പിൽ നിന്നും ലഭിച്ച 20 കിലോ പച്ചക്കറികൾ, ക്യാമ്പ് നടത്താൻ സഹായിച്ച യു.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകി.

## കർഷക പാഠശാലയിൽ ഡ്രം സീഡറിന്റെ ഉദ്ഘാടനം നടത്തി



ഹരിപ്പാട് കിഴക്കേ പറമ്പികേരി ബി. ബ്ലോക്ക് പാടശേഖരത്ത് നടപ്പിലാക്കിയ കർഷക പാഠശാലയിൽ ഡ്രം സീഡർ ഉപയോഗിച്ചുള്ള വിത്തിടലിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. രമേശ് ചെന്നിത്തല 10.01.13 ന് നിർവ്വഹിച്ചു. സാധാരണ വിതക്കാനായ് ഏക്കറിന് 40 - 50 കിലോ വിത്ത് ഉപയോഗിക്കുമ്പോൾ ഡ്രം സീഡറിൽ 8 വരിയായി വിത്തിടാൻ 15 മുതൽ 20 കിലോ മാത്രമേ ആവശ്യമുള്ളൂ ചടങ്ങിൽ ഹരിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.എം. ചന്ദ്രൻ, വാർഡ് മെമ്പർമാരായ ശ്രീ. സജീഷ്, ശ്രീമതി. ശ്രീകല, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മായാദേവീ കുഞ്ഞമ്മ, കെ.വി.കെ. പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി. മുരളീധരൻ, ശ്രീ. രാജീവ് എം.എസ്. ശ്രീമതി. ജി. ലേഖ, എന്നിവർ പങ്കെടുത്തു.



## മുൻനിര പ്രദർശന പരിപാടി

**തെങ്ങിൻ തോപ്പിലെ വരൾച്ചാ നിയന്ത്രണം :**



തെക്കേക്കര പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 5 കർഷകരുടെ കൃഷിയിടങ്ങളിലാണ് ഈ മുൻനിര പ്രദർശന പരിപാടി നടപ്പിലാക്കിയത്. തെങ്ങിൻ തടങ്ങളിൽ തൊണ്ടടുക്കൽ, ചകിരിച്ചോറ് കംമ്പോസ്റ്റ് ചേർക്കൽ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയാണ് തെങ്ങിൻ തോപ്പിലെ വരൾച്ചാ നിയന്ത്രണം കർഷകർക്ക് പരിചയപ്പെടുത്തിയത്. തെങ്ങിൻ തടങ്ങളിൽ തൊണ്ടടുക്കുക വഴി തേങ്ങകളുടെ എണ്ണം 24.9 എന്നതിൽ നിന്നും മൂന്ന് വർഷത്തിനുശേഷം 36.7 ആയും തടങ്ങളിൽ ചകിരിച്ചോറ് കംമ്പോസ്റ്റ് ചേർത്തവയിൽ 29.5 ആയും വർദ്ധിച്ചതായി രേഖപ്പെടുത്തി.

മുൻനിര പ്രദർശന പരിപാടിയിൽ പങ്കാളികളായ കർഷകർ ഈ സാങ്കേതികവിദ്യ സ്വീകരിക്കുന്നതു വഴി തെങ്ങിൻ തടങ്ങളിലെ ഈർപ്പവും നാളീകേര ഉത്പാദനവും വർദ്ധിക്കുന്നതായി അഭിപ്രായപ്പെട്ടു.



**പശുക്കളിലെ മതിലക്ഷണ നിർണ്ണയത്തിന് "ലൈക്കാ സ്കോപ്പ്":**



കരുവാറ്റ, ചേർത്തല എന്നീ പഞ്ചായത്തുകളിലെ 22 കർഷകരുടെ പങ്കാളിത്തത്തോടെ പശുക്കളിലെ മതിലക്ഷണ നിർണ്ണയത്തിന് ലൈക്കാ സ്കോപ്പ് എന്ന ഉപകരണത്തിന്റെ ഉപയോഗം പരിചയപ്പെടുത്തി. 3 കർഷകരുള്ള ഗ്രൂപ്പിന് ഒരു ലൈക്കാസ്കോപ്പ് എന്ന തോതിൽ നൽകുകയുണ്ടായി. പശുക്കൾ മതിലക്ഷണം പ്രകടിപ്പിക്കുമ്പോൾ യോനിയിലൂടെ പുറത്ത് വരുന്ന കട്ടിയുള്ള ശ്ലേഷ്മ ദ്രവം ഒരു തുള്ളി ഗ്രാസ്സ് സൈഡിൽ ശേഖരിച്ച് ഇത് ലൈക്കോസ്കോപ്പിലൂടെ പരിശോധിക്കുമ്പോൾ പന്നൽചെടിയുടെ ആകൃതിയിൽ കാണപ്പെടുകയാണെങ്കിൽ കൃത്രിമ ബീജ സങ്കലനം വഴി ഗർഭധാരണത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇങ്ങനെ രണ്ട് പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 13 മാസമായി കുറയ്ക്കാൻ സാധിക്കും. ഉത്തർപ്രദേശിലെ ഇസത്ത് നഗറിലെ ഇന്ത്യൻ വെറ്റിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IVRI) വികസിപ്പിച്ച ഈ ഉപകരണം വളരെ ലളിതവും എളുപ്പത്തിൽ ഉപയോഗിക്കാൻ പറ്റുന്നതുമാണ്. ഇതുപയോഗിച്ച് കൃത്യസമയത്ത് ബീജസങ്കലനം നടത്തിയ കർഷകർക്ക് ധനനഷ്ടവും സമയനഷ്ടവും ഒഴിവാക്കാൻ സാധിച്ചു. ഉപകരണത്തിന്റെ വില 600 രൂപയാണ്.

## കൃഷിയിട പരീക്ഷണം

**ഇഞ്ചിവിത്ത് സൂക്ഷിക്കാൻ വിവിധ മാധ്യമങ്ങൾ :**



വിത്തിനായി ഇഞ്ചി സൂക്ഷിക്കാൻ ഉപയോഗിക്കുന്ന വിവിധ രീതികളെ വിലയിരുത്തുന്ന കൃഷിയിട പരീക്ഷണം താമരക്കുളം പഞ്ചായത്തിൽ നടപ്പിലാക്കി. ഇഞ്ചിവിത്തും അറക്കപ്പൊടിയും ഒന്നിനുമുകളിൽ ഒന്നായി അടുക്കിയ ശേഷം പാണൽ ഇലകൾ കൊണ്ട് മൂടിവെച്ചപ്പോൾ മൂന്ന് മാസങ്ങൾക്ക് ശേഷം 93.7% അങ്കുരണശേഷി കാണപ്പെട്ടു. അറക്കപ്പൊടി മാത്രം ഉപയോഗിച്ചപ്പോൾ ഇത് 88% മാത്രമാണ് ഉണ്ടായിരുന്നത്. ഇഞ്ചി അഴുകുന്നതും കീടാക്രമണത്തിന് വിധേയമാകുന്നതുമായ പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ പാണൽ ഉപയോഗിച്ചുള്ള രീതി വളരെ ഫലപ്രദമാണെന്ന് കർഷകർ അഭിപ്രായപ്പെട്ടു. ഈ രീതിയുടെ വിജയത്തെത്തുടർന്ന് വി.എഫ്. പി സി.കെ. വഴി ശേഖരിച്ച 4 ക്വിന്റൽ ഇഞ്ചിവിത്ത് മേൽപ്പറഞ്ഞ രീതിയിൽ സൂക്ഷിച്ച് അടുത്ത സീസണിൽ ഉപയോഗിക്കാൻ കർഷകർ തയ്യാറായി.

## പരിശീലന / വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

വിവിധ വിഷയങ്ങളിലായി ഇക്കാലയളവിൽ ആകെ പത്തൊമ്പത് പരിശീലന പരിപാടികൾ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നാളീകേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പരിശീലന പരിപാടി 25.02.2013 മുതൽ ഒരാഴ്ച കാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 18 യുവാക്കൾ ഈ പരിപാടിയിൽ പങ്കെടുത്തു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ 28.01.2013 മുതൽ ഒരാഴ്ചയായി നടത്തിയ കാർഷിക മേഖലയിലെ സംരംഭകത്വവികസനം എന്ന പരിശീലന പരിപാടിയിൽ കൊല്ലം, കോട്ടയം, ആലപ്പുഴ ജില്ലകളിലെ 31 യുവതി യുവാക്കൾ പങ്കെടുത്തു.




**റേഡിയോ / ടി.വി. പരിപാടികൾ**

1) 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ തുടർ പ്രവർത്തനങ്ങളും കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പങ്കും' എന്ന വിഷയത്തിൽ ഡോ. പി. മുരളീധരനുമായി നടത്തിയ അഭിമുഖം തിരുവനന്തപുരം ആകാശവാണി 27.02.13 ന് പ്രക്ഷേപണം ചെയ്തു.

2) 'താറാവും മീനും : സംയോജിത കൃഷി' എന്ന ഡോക്യുമെന്ററി ദൂരദർശന്റെ കൃഷിദർശനിൽ 12.03.2013 ന് സംപ്രേഷണം ചെയ്തു.



## കെ.വി.കെ – ആത്മ സംയുക്ത പരിപാടികൾ



- കെ.വി.കെ യുടെ നേതൃത്വത്തിൽ നടപ്പിലാക്കി വിജയം വരിച്ച വിളപരിപാലന മുറകൾ ജില്ലയിൽ വ്യാപിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആത്മ വിജ്ഞാന വ്യാപന പ്രവർത്തകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- കഞ്ഞിക്കുഴി ബ്ലോക്കിലെ തെരഞ്ഞെടുത്ത 18 കർഷകർക്കായി ശാസ്ത്രീയ കന്നു കാലി പരിചരണം എന്ന വിഷയത്തിൽ പരിശീലനം നടത്തി.
- കഞ്ഞിക്കുഴി ബ്ലോക്കിലെ 36 കർഷകർക്ക്, മുട്ടാറിൽ കെ.വി.കെ നടപ്പിലാക്കിയ "സംയോജിത കൃഷിരീതികൾ" എന്ന സാങ്കേതിക വിദ്യാ പ്രദർശന യൂണിറ്റുകൾ സന്ദർശിക്കാനും കർഷകരുടെ അനുഭവങ്ങൾ അടുത്തറിയാനും കഴിഞ്ഞു.
- ആലപ്പുഴ, ചേർത്തല, ചെങ്ങന്നൂർ എന്നീ ബ്ലോക്കുകളിലായി സംഘടിപ്പിച്ച 'കിസാൻ ഗോഷ്ഠി' കളിൽ കൃഷി വിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധർ പങ്കെടുത്തു.

## ജനശ്രദ്ധയാകർഷിച്ച് മുട്ടാറിലെ കാലാവസ്ഥാ നിരീക്ഷണകേന്ദ്രം



മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി സെന്റ് ജോസഫ് ഹയർസെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം കർഷകർക്കും, വിദ്യാർത്ഥികൾക്കും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് അവബോധം നൽകാൻ സഹായകമാകുന്നു. വിവിധ കാലാവസ്ഥാ ഘടകങ്ങളായ മഴ, കൂടിയ ചൂട്, കുറഞ്ഞ ചൂട്, അന്തരീക്ഷ ആർദ്രത എന്നിവ ഇതിൽ നിന്നും രേഖപ്പെടുത്താം. വിദ്യാലയത്തിലെ സോഷ്യൽ സയൻസ് ക്ലബ്ബിലെ പതിനഞ്ചു വിദ്യാർത്ഥികളാണ് ദിവസേന ഈ ഉപകരണങ്ങളിൽ നിന്ന് വിവരങ്ങൾ രേഖപ്പെടുത്തുന്നത്. മറ്റുള്ളവർക്ക് ഈ വിവരങ്ങൾ ലഭ്യമാകുന്നതിന് സ്കൂൾ നോട്ടീസ് ബോർഡിൽ ഇവ പതിപ്പിക്കാറുണ്ട്. 2012 - 13 അധ്യായന വർഷത്തെ സംസ്ഥാന തല സ്കൂൾ ശാസ്ത്ര മേളയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തന മോഡൽ അവതരിപ്പിച്ചതിന് ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് 'എ' ഗ്രേഡ് ലഭിക്കുകയുണ്ടായി.

**മുട്ട വിരിയ്ക്കാൻ 'ഇൻകുബേറ്റർ :**



കോഴികുഞ്ഞുങ്ങൾക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളിലെ ഹാച്ചറികളെ ആശ്രയിച്ചിരുന്ന ഒരു കാലം കേരളത്തിനുണ്ടായിരുന്നു. എന്നാൽ വീട്ടമ്മമാർക്ക് ഉപയോഗിക്കാവുന്നതും 60 മുതൽ 1000 വരെ മുട്ടകളെ വിരിയ്ക്കാൻ കഴിവുള്ളതായ 'ഇൻകുബേറ്റർ' എന്ന യന്ത്രം ഇന്ന് വിപണിയിൽ ലഭ്യമാണ്. 240 മുട്ട വിരിയ്ക്കാൻ ശേഷിയുള്ള 25000 രൂപ വിലയുള്ള ഓട്ടോമാറ്റിക് ഇൻകുബേറ്റർ ഉപയോഗിച്ച് ഒരു ബാച്ചിൽ 200 ഓളം കുഞ്ഞുങ്ങളെ വിരിയിച്ച് 45 ദിവസം ശാസ്ത്രീയമായി പരിപാലിച്ച് 75 രൂപ നിരക്കിൽ വിറ്റാൽ 5000 രൂപ ലാഭമുണ്ടാക്കാം. ചെറുപ്പക്കാർക്ക് ഇതൊരു നല്ല സ്വയം തൊഴിൽ സംരംഭമായി മാറ്റാവുന്നതാണ്. ഇൻകുബേറ്റർ വഴി വിരിയിച്ച ഗ്രാമപ്രിയ, കരിങ്കോഴി (കടക്നാത്) എന്നീ ഇനങ്ങളിൽപ്പെട്ട കോഴികുഞ്ഞുങ്ങൾ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും നിന്നും ലഭ്യമാണ്.

## പ്രസിദ്ധീകരണങ്ങൾ

1) കൂൺവിത്തുത്പാദനം : ഒരു ചെറുകിട സംരംഭം - ലേഖ. ജി, ഡോ. പി.മുരളീധരൻ
2) നാളീകേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ - ജിസ്സി ജോർജ്ജ്, ഡോ. പി.മുരളീധരൻ

*പ്രസാധനം :* **ഡോ. ജോർജ്ജ് വി. തോമസ്**, ഡയറക്ടർ, സി.പി.സി.ആർ.ഐ., കാസർഗോഡ്; *ഏകോപനം & എഡിറ്റിംങ്ങ് :* **ഡോ. പി. മുരളീധരൻ**, പ്രോഗ്രാം കോർഡിനേറ്റർ; *ശേഖരണം & ലേഔട്ട് :* **ഡോ.കെ. സജ്നനാഥ്**, എസ്.എം.എസ്.; *സാങ്കേതിക വിവരങ്ങൾ :* **രാജീവ് എം.എസ്., ജിസ്സി ജോർജ്ജ്, ഡോ.എസ്. രവി, ലേഖ ജി.** ; *സാങ്കേതിക സഹായം :* **ആരതി ബാലകൃഷ്ണൻ, അൻസാരി കെ.എം., ബിജില പി.വി.**

